**ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്**

**ആറ്റുകാൽ, തിരുവനന്തപുരം-695 009.**

**ഫോൺ : 2778913**

റഫ: നമ്പർ:E5/59/ABTT/2021/ 1741 തീയതി : 28.12.2021

**ടെണ്ടർ പരസ്യം**

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് സെക്രട്ടറി താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയും മുൻപരിചയവുമുള്ള അംഗീകൃത കരാറുകാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ജോലി വിവരവും ഉദ്ദേശഅടങ്കൽ തുകയും | നിരതദ്രവ്യം | ടെണ്ടർ ഫാറത്തിന്റെ വില | ജോലി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | ഇൻഡ്യൻ കോഫീ ഹൗസിന്റെ പുറകിലായുള്ള ട്രസ്റ്റ് വക വസ്തുവിന്റെ കിഴക്കു വശത്ത് മതിൽ കെട്ടുന്ന ജോലികൾ **അടങ്കൽ തുക: 1,75,868 രൂപ** | 4400 രൂപ | 500 രൂപ | 20 ദിവസം |
| 2 | പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ ജെൻസ് ടോയ്ലെറ്റിന് സമീപമുള്ള തകരാറായ കോമ്പൗണ്ട് വാളിന്റെ പുനർ നിർമ്മാണവും അനുബന്ധ ജോലികൾ **അടങ്കൽ തുക: 1,75,068 രൂപ** | 4400 രൂപ | 500 രൂപ | 20 ദിവസം |
| 3 | 2022 പൊങ്കാല മഹോത്സവത്തോടനു ബന്ധിച്ച് പാർക്കിംഗ് ഗ്രൗണ്ടിലെ റിപ്പയർ ടാറിംഗ് ജോലികൾ **അടങ്കൽ തുക: 7,41,226 രൂപ** | 18600 രൂപ | 1500 രൂപ | 10 ദിവസം |
| 4 | ക്ഷേത്രത്തിന്റെ വടക്കേ നടയുടെ പ്രവേശന ഗേറ്റിന്റെ കിഴക്ക് വശത്ത് മുകളിലായി മഴവെള്ളം വീഴാതിരിക്കാൻ അലുമിനിയം പാർട്ടീഷൻ ചെയ്യുന്ന ജോലികൾ **അടങ്കൽ തുക: 36,736 രൂപ** | 950 രൂപ | 500 രൂപ | 10 ദിവസം |

ടെൻഡർ ഷെഡ്യൂളുകൾ ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. നിരതദ്രവ്യമായി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും *"സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്"* എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ/ട്രസ്റ്റ് ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീതോ വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ടെൻഡറുകൾ *'സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട് പി.ഒ, തിരുവനന്തപുരം 695009'* എന്ന വിലാസത്തിൽ 06/01/2022 (വ്യാഴാഴ്ച ) വൈകുന്നേരം 3.00 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതും, 06/01/2022 (വ്യാഴാഴ്ച ) വൈകുന്നേരം 4.00 മണിക്ക് സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്. വിശദവിവരങ്ങൾ ട്രസ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.attukal.org ൽ നിന്നോ, ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിലോ ലഭിക്കുന്നതാണ്.

ടെണ്ടറിനെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ടെണ്ടർ സമയങ്ങളിൽ യാതൊരു മുന്നറിയിപ്പും കൂടാതെ മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

**ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,**

സെക്രട്ടറി

നോട്ടീസ് ബോർഡ്:- 1. ക്ഷേത്രം. 2. ആഫീസ് 3. വെബ്സൈറ്റ്

പകർപ്പ്:- 1. ചെയർമാൻ, എ.ബി.റ്റി.റ്റി.
2. പ്രസിഡന്റ്, എ.ബി.റ്റി.റ്റി.
3. കൺവീനർ, വർക്സ് കമ്മിറ്റി, എബിറ്റിറ്റി
4. എഞ്ചിനീയറിംഗ് സെക്ഷൻ, എബിറ്റിറ്റി.
5. ഫയൽ.

jaya